കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മടിക്കൈ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-8/1360/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി.11.12.2018.

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,

മടിക്കൈ ഗ്രാമ പഞ്ചായത്ത്.
(സെക്രട്ടറി മുഖേന)

സർ,

വിഷയം : മടിക്കൈ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ എന്നിവ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 8/1360/2018 തിയ്യതി:11.12.2018.

# കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-11-2018 മുതൽ 15-11-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കിരൺദാസ്. പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കുഞ്ഞികൃഷ്ണൻ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുനിൽ കുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുധീഷ്. എൻ.കെ | ഓഡിറ്റർ |

1. നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| പ്രസിഡണ്ട് | സി. പ്രഭാകരൻ | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | വി. മധുസൂദനൻ (സെക്രട്ടറി ഇൻചാർജ്) | 01-4-2017 മുതൽ 09.05.2017 വരെ |
| | അച്ചുതമണിയാണി | 10-05-2017 മുതൽ 14.06.2017 വരെ |
| | കെ.പി.ശശീധരൻ | 15.06.2017മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി. എഞ്ചിനീയർ | സന്ദീപ് ചന്ദ്രൻ.സി | 01.04.2017 | 31.03.2018 |
| കൃഷി ഓഫീസർ | ആർജിത. പി.വി | 01.04.2017 | 20.05.2017 |
| | വേണുഗോപാലൻ.പി | 21.05.2017 | 05.08.2017 |
| | ആർജിത. പി.വി | 06.08.2017 | 25.01.2018 |
| | നിമിഷ സാറ | 26.01.2018 | 01.02.2018 |
| | ആർജിത. പി.വി | 02.02.2018 | 31.03.2018 |
| വി.ഇ.ഒ | ശ്രീനിവാസൻ.ജി | 01.04.2017 | 31.10.2017 |
| | ചാക്കോ.പി.എ | 01.11.2017 | 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഉഷ.പി | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, PHC | ഡോ.ഡെൻസി മോൾ. ഡി. സി | 01.04.2017 | 06.02.2018 |
| | ഡോ.സെൽമ ജോഫി | 07.02.2018 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, GAD | ഡോ.സ്വപ്ന.കെ.എസ് | 01.04.2017 | 31.03.2018 |
| ഹെഡ് മാസ്റ്റർ | ഗോപി.വി | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | മധുസൂദനൻ.വി | 01.04.2017 | 31.03.2018 |

| | | | |
|---|---|---|---|
| വെറ്ററിനറി സർജൻ | ഡോ.സ്മിത.എം സെബാസ്റ്റ്യൻ | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, GHD | ഡോ.ജ്യോതി | 01.04.2017 | 04.04.2017 |
| | ഡോ.രജിതാറാണി | 05.04.2017 | 30.04.2017 |
| | ഡോ.ജ്യോതി | 01.05.2017 | 15.07.2017 |
| | ഡോ.രജിതാറാണി | 16.07.2017 | 22.08.2017 |
| | ഡോ.വിപിൻ രാജ് | 23.07.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുകുമാരൻ | 01.04.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-1 |
| 14 | തൊഴിൽ നികുതി അപാകതകൾ | 2-2 |
| 15 | ഡി.&ഒ ലൈസൻസ് അപാകതകൾ | 2-3 |
| 16 | 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല | 2-4 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 17 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-1 |
| 18 | കരാർ പ്രകാരം കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയതിൽ കുറവ്. | 3-2 |
| 19 | മരാമത്ത് പ്രവൃത്തി- കരാർ ചമക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല | 3-3 |
| 20 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ എരിക്കുളം പൊതുശ്മശാനം നവീകരണ പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ . | 3-4 |
| 21 | സർവ്വീസ് ടാക്സ് അടവാക്കിയില്ല. | 3-5 |
| 22 | ടാർ വാങ്ങുന്നതിന് ഓയിൽകമ്പനികൾക്ക് മുൻകൂർ നൽകിയ തുകയിൽ തിരികെ ലഭിക്കുവാനുള്ളത് 26,363 രൂപ. | 3-6 |
| 23 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ടെണ്ടർ കുറവ് കുറക്കാതെ ബിൽതുക നൽകി. | 3-7 |
| 24 | പാലിയേറ്റീവ് പരിചരണം- സാമൂഹിക സംഘടനകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയുടെ സഹായസഹകരണങ്ങൾ കൂടി തേടേണ്ടതാണ് | 3-8 |

| | | |
|---|---|---|
| 25 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും - കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല | 3-9 |
| 26 | അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി- പഞ്ചായത്ത് ഫണ്ടിന് 10738/- രൂപയുടെ നഷ്ടം. | 3-10 |
| 27 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-11 |
| 28 | വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ -ആദായ നികുതി ഈടാക്കാത്തത് | 3-12 |
| 29 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ലാത്തത് - സംബന്ധിച്ച് . | 3-13 |
| 30 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-14 |
| 31 | സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി - അപാകത | 3-15 |
| 32 | കുണ്ടേൻവയൽ കുടിവെള്ളവിതരണ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല | 3-16 |
| 33 | ആലൈ അംഗൻവാടി കെട്ടിടനിർമ്മാണം തുക നിക്ഷേപിച്ചത് -പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 3-17 |
| 34 | തെരുവ് വിളക്ക് നീട്ടുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത് - അപാകത | 3-18 |
| 35 | മലപ്പച്ചേരി, നാന്തംകുഴി, കാഞ്ഞിരപ്പൊയിൽ, കുണ്ടംകുട്ടിച്ചാൽ എന്നീ അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണം - തുക നിക്ഷേപിച്ചത് | 3-19 |
| 36 | തുല്യതാ പഠനം- ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല | 3-20 |
| 37 | വിദ്യാലയങ്ങൾക്ക് പത്രം, ബാലമാസിക നൽകൽ - അപാകത | 3-21 |
| 38 | പ്രോജക്ട് നം-216/2017-18 എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം അപാകത | 3-22 |
| 39 | പ്രോജക്ട് നം-216/2017-18 എസ് ടി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം അപാകത | 3-23 |

| | | |
|---|---|---|
| 40 | SSA പ്രൊജക്ട് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-24 |
| 41 | വരൾച്ച -കുടിവെള്ള വിതരണം-അപാകത | 3-25 |
| 42 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അപാകതകൾ | 3-26 |
| ഭാഗം IV ഓഡിറ്റ് പ്രത്യവലോകനം | | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | നിക്ഷേപ പ്രവൃത്തികൽക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 46 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 47 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 50 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 52 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


<u>അനുബന്ധപത്രികകൾ</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്.

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്.

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്.

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

27.3.2017 തീയതിയിലെ 01-ാംനമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 24.3.2018 തീയതിയിലെ 1(1)തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |

| തീരുമാനം നമ്പർ/ തീയ്യതി | 01/27.03.2017 | 1(1), 24.03.2018 |
|---|---|---|
| മുന്നിരിപ്പ് | 15118972 | 12477650 |
| വരവ് | 247519000 | 138537512 |
| ആകെ | 262637972 | 151015162 |
| ചെലവ് | 247456750 | 137386456 |
| നീക്കിയിരിപ്പ് | 15181222 | 13628706 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ചതീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 3.6.2018 | ഇല്ല | ഇല്ല |

## 1-3 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 4.7.2018മുതൽ 5.7.2018 വരെ | കെ.എസ്.എ-കെ.എസ്.ഡി -3/643/18തീയതി 10.08.2018 |

മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2.ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 6,73,06,336/-രൂപയാണ്. ആയതിനാൽ B- 11ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.ബാലൻസ് ഷീറ്റ് B- 11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 1,15,58,492/- ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.ഷെഡ്യൂൾ B-9 -ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

5.വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ വരവ് 3,60,000/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായ രജിസ്റ്റർ പ്രകാരം ആകെ വരവ് തുക 6,00,000/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

6.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല . പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7.വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം

തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ തുകകൾ ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക | | ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| തൊഴിൽ നികുതി ട്രെഡേഴ്സ് | 2,02,060 | 1,90,660 | 1,62,540 | 1,62,540<br>4,060 (കുടിശ്ശിക)<br>11,400 (മുൻകൂർ) |
| തൊഴിൽ നികുതി -ജീവനക്കാർ | 11,44,050 | 11,44,050 | 11,67,170 | 11,67,170 |

വാർഷിക ധനകാര്യ പത്രികയും ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകളും തമ്മിലുള്ള വ്യത്യാസം നിലനിൽക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 1,97,52,823 |
| വരവ് | 8,15,53,295 |
| ആകെ | 10,13,06,118 |
| ചെലവ് | 9,83,36,617 |
| നീക്കിയിരിപ്പ് | 29,69,501 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ(ACR പ്രകാരം) | 0 | 1,51,81,000 | 1,51,81,000 | 1,34,26,759 | 17,54,241 |
| വികസന ഫണ്ട് -എസ്.സി.പി(ACR പ്രകാരം) | 0 | 31,44,079 | 31,44,079 | 18,71,095 | 12,72,984 |
| വികസന ഫണ്ട് -ടി.എസ്.പി(ACR പ്രകാരം) | 0 | 33,987 | 33,987 | 30,255 | 3,732 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | 0 | 1,46,27,000 | 1,46,27,000 | 1,38,69,602 | 7,57,398 |
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | 0 | 34,69,000 | 34,69,000 | 15,53,380 | 19,15,620 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 71,30,074 | 71,30,074 | 53,38,815 | 17,91,259 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | 31,761 | 0 | 31,761 | 0 | 31,761 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 4,03,66,676 | 4,03,66,676 | 4,03,66,676 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2,541 | 30,20,668 | 30,23,209 | 30,09,910 | 13,299 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 0 | 0 | 0 | 0 | 0 |
| | SSA | 0 | 0 | 0 | 0 | 0 |
| | ICDS | 0 | 6,11,074 | 6,11,074 | 6,11,074 | 0 |
| | NPRPD | 0 | 0 | 0 | 0 | 0 |
| | PYCKA | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | സുനാമിഫണ്ട് | 0 | 0 | 0 | 0 | 0 |
| | അംഗനവാടി നിർമ്മാണം | 0 | 0 | 0 | 0 | 0 |
| | ഖരമാലിന്യ നിർമ്മാർജന ഫണ്ട് | 0 | 0 | 0 | 0 | 0 |
| | വിമുക്തി ഫണ്ട് | 0 | 37,500 | 37,500 | 37,500 | 0 |
| | ശുചിത്വമിഷൻഫണ്ട് | 0 | 1,08,383 | 1,08,383 | 1,08,383 | 0 |
| | ഹരിതകേരളം പദ്ധതി ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 17,69,000 | 17,69,000 | 17,23,803 | 45,197 |
| | ജില്ലാ പഞ്ചായത്ത് | 0 | 36,03,000 | 36,03,000 | 2118686 | 14,84,314 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 0 | 9,60,000 | 9,60,000 | 5,70,000 | 3,90,000 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 1,00,000 | 1,00,000 | 1,00,000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 3,47,000 | 3,47,000 | 3,47,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | വാർദ്ധക്യകാല പെൻഷൻ | 0 | 1,29,98,600 | 1,29,98,600 | 1,29,98,600 | 0 |
| | കർഷകതൊഴിലാളി പെൻഷൻ | 0 | 95,45,500 | 95,45,500 | 95,45,500 | 0 |
| | വിധവാ പെൻഷൻ | 0 | 1,62,00,200 | 1,62,00,200 | 1,62,00,200 | 00 |
| | അവിവാഹിത പെൻഷൻ | 0 | 412,000 | 4,12,000 | 4,12,000 | 0 |
| | വികലാംഗ പെൻഷൻ | 0 | 37,78,600 | 37,78,600 | 37,78,600 | 0 |
| | തൊഴിലില്ലായ്മ വേതനം | 0 | 84,120 | 84,120 | 44,400 | 39,720 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 68,40,876 | 66,30,219 | 1,34,71,095 | 71,45,315 | 63,25,780 |
| | ട്രഷറി അക്കൗണ്ട് | 1,05,88,115 | 74,87,000 | 1,80,75,115 | 1,40,34,304 | 40,40,811 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 0 | 10,000 | 10,000 | 10,000 | 0 |
| | പട്ടികജാതി ഭവന നിർമ്മാണം ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 | 0 | 0 |
| | പെയിൻ & പലിയേറ്റീവ് കെയർ പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 1,00,000 | 1,00,000 | 1,00,000 | 00 |
| | ഗുണഭോക്തൃവിഹിതം | 0 | 12,750 | 12,750 | 12,750 | 0 |
| | ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി. 09.01.2017 – ലെ ജി.ഒ.(എം.എസ്)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച

പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.01.2017 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഭരണസമിതി ,നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 25.05.2017 – ലെ 22 (1)നമ്പർ തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട പരിശോധന നടത്തിയിട്ടുണ്ട്. പ്രതിമാസ വരവ് ചെലവുകളെ സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നീ വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്. ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി,ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. ഇതിൽ പ്രധാനമായും സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകളും തീരുമാനങ്ങളുമാണ് വന്നിട്ടുള്ളത്. വിവിധ പെൻഷനുകൾ, ധനസഹായങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ നടക്കുകയുണ്ടായി. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, പ്രവേശനോത്സവം,തുടർ സാക്ഷരതാ പരിപാടി,ജാഗ്രതാ സമിതി, മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ,ഉറവിട മാലിന്യ സംസ്കരണം ,ശുചിത്വ മിഷൻ തുടങ്ങി ആരോഗ്യ-വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 16 |
| 2 | വികസനം | 15 |
| 3 | ക്ഷേമകാര്യം | 13 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 12 |

സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരം വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജനുവരി മാസം 15ന് മുൻപ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷം ഗ്രാമ പഞ്ചായത്തിലെ ക്ഷേമകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,ജനസേവനം കാര്യക്ഷമമാക്കൽ | 3 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 4 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 4 |
| 4 | ദാരിദ്ര്യ ലഘൂകരണം | 3 |
| 5 | പൊതുമരാമത്ത് | 4 |
| 6 | പട്ടിക ജാതി വികസനം | 5 |
| 7 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 7 |
| 8 | ആരോഗ്യം | 4 |
| 9 | കുടിവെള്ളം ശുചിത്വം | 3 |
| 10 | വിദ്യാഭ്യാസം സംസ്കാരം,കല കായിക യുവജനക്ഷേമം | 7 |
| 11 | ചെറുകിട വ്യവസായം | 3 |
| 12 | പാർപ്പിടം | 3 |
| 13 | ഊർജ്ജം | 3 |
| 14 | മണ്ണ്,ജലസംരക്ഷണം,ചെറുകിട ജലസേചനം | 4 |

മോണിറ്ററിംഗ്

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ് നം. 72/2017 ത.സ്വ. ഭ.വ. തീയതി 29/3/2017 & എം എസ് നം 10/2017 ത.സ്വ. ഭ. വ.തീയതി 09/01/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും 18-01-2017ന് രൂപീകരിച്ചിട്ടുണ്ട് (പഞ്ചായത്ത് ഭരണ സമിതി തീരുമാനം1) തീയതി 18-01-2017)ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 21.01.2017, 15.02.2017, 22.02.2017, 27.03.2017, 10.03.2017, 12.04.2017 എന്നീ തീയതികളിലായി 6 യോഗങ്ങൾ ചേരുകയുണ്ടായി.

വികസനരേഖ തയ്യാറാക്കൽ

മാർഗ്ഗരേഖ 09-01-2017 ലെ ജി. ഒ. (എം. എസ്.) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്.

വികസന സെമിനാർ -

25-05-2017 ന് ഏകദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 173 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി. 2017-18 കരട് വികസന, രേഖ കരട് പദ്ധതിരേഖ എന്നിവ വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്യുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം -

2017-18 വാർഷീക പദ്ധതികൾ 15-05/2017ന് മുൻപ് അംഗീകാരം നേടി 01/04/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടെങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 22.05.2017 നാണ് (പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ -22/22.5.2017 )- ജില്ലാ ആസൂത്രണ സമിതി 31.05.2017 തീയ്യതിയിൽ വാർഷീക പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. 28-03-2018ന് ജില്ലാ ആസൂത്രണ സമിതി പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുകയുണ്ടായി.

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെ പ്രൊജക്റ്റുകൾ | 191 |
| പുതിയ പ്രൊജക്റ്റുകൾ | 142 |
| സ്പിൽ ഓവർ പ്രൊജക്റ്റുകൾ | 49 |

പദ്ധതി നിർവ്വഹണം- സംക്ഷിപ്ത വിവരം

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | പദ്ധതിചെലവ് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| | (എണ്ണം) | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 191 | 93 | 4,83,38,311 | 0 | 98 | 48.69 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 2,541 | 30,20,668 | 30,23,209 | 30,09,910 | 13,299 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 4,03,66,676 | 4,03,66,676 | 4,03,66,676 | 0 |
| ആകെ | 2,541 | 4,33,87,344 | 4,33,89,885 | 4,33,76,586 | 13,299 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 44,400 | 76 |
| | കർഷകതൊഴിലാളി പെൻഷൻ | 95,45,500 | 843 |
| | വിധവാ പെൻഷൻ | 16,200,200 | 1,458 |
| | വാർദ്ധക്യകാല പെൻഷൻ | 1,29,98,600 | 1,214 |
| | വികലാംഗ പെൻഷൻ | 37,78,600 | 330 |
| | അവിവാഹിത പെൻഷൻ | 4,12,000 | 39 |
| | വിവാഹ ധനസഹായം | 5,70,000 | 19 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.11.2018 തീയതിയിൽ 4.00PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 4,197/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെൻെറ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരൻെറി, വാറൻെറി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണ്ണമാണ്. ആയതിൻെറ ആസ്തി രജിസ്റ്റർ ഇലക്ട്രിക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധാനം ഇല്ല. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക്

വിധേയമാക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ- ഓരോദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം- പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. ദിവസവേതനക്കാരെ ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- പരാതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നെണ്ടങ്കിലും ആയത് ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ,സ്റ്റാൻെറിങ് കമമറ്റിയോഗങ്ങൾ എന്നിവചേരുന്നില്ല.ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻെറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | ഇല്ല | - | - |

| | | | |
|---|---|---|---|
| പെർഫോമെൻസ് ഓഡിറ്റ് | സെപ്തംബർ 2018 | 30.09. 2018 | 15.10.2018 |

## 1-12 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.
2.ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 6,73,06,336/-രൂപയാണ്. ആയതിനാൽ B-11ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3.ബാലൻസ് ഷീറ്റ് B- 11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 1,15,58,492/- ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4.ഷെഡ്യൂൾ B-9 -ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.
5.വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ വരവ് 3,60,000/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായ രജിസ്റ്റർ പ്രകാരം ആകെ വരവ് തുക 6,00,000/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.
6.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല . പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
7.വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ തുകകൾ ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക | | ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| തൊഴിൽ നികുതി ട്രെഡേഴ്സ് | 2,02,060 | 1,90,660 | 1,62,540 | 1,62,540<br>4,060 (കുടിശ്ശിക)<br>11,400 (മുൻകൂർ) |
| തൊഴിൽ നികുതി -ജീവനക്കാർ | 11,44,050 | 11,44,050 | 11,67,170 | 11,67,170 |

വാർഷിക ധനകാര്യ പത്രികയും ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകളും തമ്മിലുള്ള വ്യത്യാസം നിലനിൽക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2017 -18 വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചതായി കണ്ടില്ല. 2017-18ൽ നടത്തിയ ഇ. ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീസ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടി യിരുന്ന ഫീസ് |
|---|---|---|---|---|---|
| 1 | 80/17-18 | ചതുരക്കിണർ ബങ്കളം റോഡ് റീ ടാറിങ് | 1,500 | 1 | 1,500 |
| 2 | 84/17-18 | മൈത്താടം കാരളി നന്ദപുരം റോഡ് അഭിവൃദ്ധപ്പെടുത്തൽ | 2,300 | 1 | 2,300 |
| 3 | 120/17-18 | മൈത്താടം കാരക്കോട് റോഡ് റീ ടാറിങ് | 2,800 | 1 | 2,800 |
| 4 | 129/17-18 | ആലായി കോടത്തംപള്ളി റോഡ് അഭിവൃദ്ധപ്പെടുത്തൽ | 2,800 | 1 | 2,800 |
| 5 | 104/17-18 | മടിക്കൈ കൃഷിഭവൻ അറ്റകുറ്റപണി | 2,150 | 3 | 6,450 |
| 6 | 173/17-18 | ചതുരക്കിണർ ബങ്കളം റോഡ് റീ ടാറിങ് | 2,050 | 1 | 2,050 |
| 7 | 180/17-18 | ബങ്കളം കക്കാട്ട് അമ്പലം റോഡ് റീ ടാറിങ് | 1,950 | 1 | 1,950 |
| 8 | 208/17-18 | അമ്പലത്തറ ഖാദി യൂണിറ്റിന് ടോയ് ലറ്റും മറ്റു സൗകര്യങ്ങളും | 1,500 | 3 | 4,500 |
| 9 | 73/17-18 | കോളിക്കുന്ന് ആലക്കളം റോഡ് കലുങ്കും അപ്രോച്ച് റോഡും നിർമ്മാണവും | 1,700 | 2 | 3,400 |
| 10 | 182/17-18 | കുട്ടപ്പുന്ന ചെർണാട്ടല അമ്പലം റോഡ് കലുങ്കും അപ്രോച്ച് റോഡും നിർമ്മാണവും | 2,150 | 2 | 4,300 |
| 11 | 184/17-18 | പഞ്ചായത്ത് ഓഫീസ് കെട്ടിടം വൈദ്യുതീകരണം | 1,700 | 1 | 1,700 |
| 12 | 205/17-18 | സ്ത്രീകൾക്കും ഭിന്ന ശേഷിയുള്ളവർക്കും വേണ്ടിയുള്ള സൗഹൃദ ടോയ് ലറ്റ്-മേക്കാട്ട് | 1,250 | 1 | 1,250 |
| 13 | 206/17-18 | സ്ത്രീകൾക്കും ഭിന്ന ശേഷിയുള്ളവർക്കും വേണ്ടിയുള്ള സൗഹൃദ ടോയ് ലറ്റ്-മടിക്കൈ ആയുർവേദ ആശുപത്രിക്ക് സമീപം | 1,250 | 1 | 1,250 |
| | | ആകെ | 25,100 | | 36,250 |

മേൽ തുക പഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപാകതകൾ

1) തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിലെ ഡിമാന്റ് തുകയിൽ വ്യത്യാസം.

2017-18 സാമ്പത്തിക വർഷത്തിൽ ട്രേഡേഴ്സ് തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരവും, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരവും ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ് തുകകൾ തമ്മിൽ വ്യത്യസപ്പെട്ടിരിക്കുന്ന വിശദവിവരം ചുവടെ കൊടുക്കുന്നു.

| ട്രേഡേഴ്സ്തൊഴിൽ നികുതി | വാർഷിക ധനകാര്യ പത്രിക പ്രകാരം | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം | വ്യത്യസം |
|---|---|---|---|
| ഡിമാന്റ് | 2,02,060 | 1,85,660 | 16,400 |

വാർഷിക ധനകാര്യ പത്രികയിലും, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലും നിലനിൽക്കുന്ന വ്യത്യാസം കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 2017-18 വർഷത്തെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ വരുമാനം സംബന്ധിച്ച ബോണസ്/ ഫെസ്റ്റിവെൽ അലവൻസ് എന്നീമാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വരുമാനം ഉൾപ്പെടുത്താതെയാണ് മിക്ക ജീവനക്കാരുടെയും വരുമാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വാങ്ങിയിരിക്കുന്നത് ഏതാനും ചില ഉദാഹരണങ്ങൾ ചുവടെകൊടുക്കുന്നു.

| ജിവനക്കാരന്റെ പേര് | ഒന്നാം അർദ്ധ വർഷത്തെ അടിസ്ഥാന ശമ്പളം | ഒന്നാം അർദ്ധ വർഷത്തെ ക്ഷാമബത്ത | രണ്ടാം അർദ്ധ വർഷത്തെ അടിസ്ഥാന ശമ്പളം | രണ്ടാം അർദ്ധ വർഷത്തെ ക്ഷാമബത്ത |
|---|---|---|---|---|
| ശ്യാംകൃഷ്ണൻ .ഇ. ടി<br>ജിഎച്ച്എസ്എസ് മടിക്കൈ | 1,08,000 | 15,120 | 1,08,000 | 15,120 |
| വനജ .കെ<br>ജിഎസ്പിഎസ് വാഴക്കോട് | 68,040 | 9,598 | 69,000 | 9,660 |
| ജാനകി .പി<br>മടിക്കൈ വില്ലേജ് ഓഫീസ് | 71,640 | 1,029 | 72,360 | 10,128 |
| കുഞ്ഞിപൊക്കൻ.എൻ<br>പി.എച്ച്.സി. മടിക്കൈ | 83,400 | 11,676 | 85,200 | 11,928 |
| രമ. പി<br>ജിഎസ്പിഎസ് മലപ്പച്ചേരി | 77,700 | 10,878 | 78,480 | 10,986 |
| തമ്പാൻ നായർ. എം<br>ജിഎസ്പിഎസ് ചെരണത്തല | 68,040 | 9,528 | 69,000 | 9,660 |
| രാഘവൻ. ടി. പി<br>ഗവ.ഹോമിയോ ഡിസ്പെൻസറി എരിക്കുളം | 64,620 | 9,045 | 65,280 | 9,138 |

| | | | | |
|---|---|---|---|---|
| നാരായണി പി.കെ<br>ജിഎസ്പിഎസ് കീക്കാംങ്കോട് | 71,640 | 10,029 | 72,360 | 10,128 |

2017-18 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധവർഷത്തിൽ ബോണസ്/ ഫെസ്റ്റിവെൽ അലവൻസ് എന്നിവയിലൂടെ ലഭിക്കുന്ന വരുമാനവും കൂടി കണക്കാക്കിയാൽ അർദ്ധവർഷത്തെ ആകെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുകയും അതുവഴി നികുതി ഈടാക്കുന്നതിലും വർദ്ധനവ് ഉണ്ടാകുമായിരുന്നു. ബോണസ്/ ഫെസ്റ്റിവെൽ അലവൻസ് കണകാക്കാത്തെ വരുമാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

3) സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2017-18 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. മടിക്കൈ പഞ്ചായത്ത് വനിത സർവ്വീസ് സഹകരണ സൊസൈറ്റി, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന മടിക്കൈ ക്ഷീരോൽപ്പാദക സഹകരണ സംഘം, കാലിച്ചാംപൊതി ക്ഷീരോൽപ്പാദക സഹകരണ സംഘം,, ബങ്കളം ക്ഷീരോൽപ്പാദക സഹകരണ സംഘം, കാഞ്ഞിരപ്പൊയിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) തൊഴിൽ നികുതി- വ്യാപാരികളുടെയും കമ്പനികളുടെയും സ്ഥാപനങ്ങളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2017-18 വർഷത്തെ തൊഴിൽ നികുതി പിരിവ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ച കാണുന്നില്ല. നിലവിൽ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങുന്ന രജിസ്റ്ററിലാണ് ചേർത്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴവൻ സ്ഥാപനങ്ങളുടെയും വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(13-11-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 ന് മറുപടി ഹാജരാക്കിയിട്ടില്ല )

## 2-3 ഡി.&ഒ ലൈസൻസ് അപാകതകൾ

ഡി.&ഒ ലൈസൻസ് പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന അക്ഷയ സെന്റർ മേക്കാട്ട്, അക്ഷയ സെന്റർ എരിക്കുളം, അക്ഷയ സെന്റർ അമ്പലത്തുക്കര എന്നീ സ്ഥാപനങ്ങളിൽ നിന്നും ഡി.&ഒ. ലൈസൻസ് ഫീ ഈടാക്കാത്തതായി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കാണുകയുണ്ടായി. ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച ഡി. ആന്റ് ഒ. ലൈസൻസ് ഫീ അപേക്ഷകളിൽ മിക്ക അപേക്ഷകളിലും അപേക്ഷകർ കച്ചവടസ്ഥാപനത്തിൽ നിന്നും ഒരു ദിവസത്തെ വിറ്റു വരവ് തുക രേഖപ്പെടുത്താതെയാണ് മിക്കഅപേക്ഷകൾ സ്വീകരിച്ച് വന്നിട്ടുള്ളത്. അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷകളിലെ വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കേണ്ടത് എന്നാൽ ഇത്തരത്തിൽ വിറ്റു വരവ് രേഖപ്പെടുത്താതെയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതുവഴി യഥാർത്ഥത്തിൽ ലഭിക്കാവുന്ന ലൈസൻസ് ഫീസിനത്തിൽ കുറവ് സംഭവിക്കുവാൻ സാധ്യതയുണ്ട്. തുടർന്നങ്ങോട്ട് ഡി ആന്റ് ഒ

ലൈസൻസ് ഫീ അപേക്ഷകൾ സ്വീകരിക്കുമ്പോൾ ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

4) ഡി&ഒ.ലൈസൻസ് അപേക്ഷകൾ അപൂർണ്ണം:2017-18വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിച്ച അപേക്ഷകൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പൂരിപ്പിച്ചിട്ടുള്ളൂ എന്ന് പരിശോധനയിൽ കാണുകയുണ്ടായി. ഡി. & ഒ. ലൈസൻസ് ചട്ടപ്രകാരം സ്വീകരിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും, ലൈസൻസ് ആവശ്യമായ കെട്ടിടത്തെ/സ്ഥലത്തെയും സംബന്ധിച്ച് ഉണ്ടായിരിക്കേണ്ട 19അടിസ്ഥാന വിവരങ്ങൾ, അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ മുഴുവനായും രേഖപ്പെടുത്തി കാണുന്നില്ല. അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി ഡി & ഒ ലൈസൻസ് അനുവദിക്കുകയോ പുതുക്കി നല്കുകയോ ചെയ്യുന്നത്. എന്നാൽ ലൈസൻസ് പുതുക്കി നല്കുന്നതിനു ലഭിച്ച മിക്കഅപേക്ഷയിലും അന്വേഷണ ഉദ്യോസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഭാവിയിൽ ഡി. & ഒ. ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5) ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഓഡിറ്റ് വർഷങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ? ഏതെങ്കിലും സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6) ഡി & ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം.2017-18 വർഷം ഡി. & ഒ. ലൈസൻസ് അനുവദിക്കുന്നതിനും, ലൈസൻസ് പുതുക്കുന്നതിനുമായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ പലതും അപൂർണ്ണമായിട്ടാണ് പൂരിപ്പിച്ചിട്ടുള്ളത്. മിക്ക അപേക്ഷകളിലും ഒരു സ്ഥാപനത്തിന്റെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ്, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം (ലൈസൻസ് അപേക്ഷ അനുവദിച്ചു/തള്ളി) എന്നിങ്ങനെയുള്ള രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. ലൈസൻസ് പുതുതായി അനുവദിക്കുന്നതിനും, പുതുക്കുന്നതിനുമായി ലഭിക്കുന്ന അപേക്ഷകളിൽ എല്ലാവിവരങ്ങളും ഉൾക്കൊള്ളിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, കൃത്യമായ പരിശോധനകൾക്ക് ശേഷം മാത്രം അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

7) സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ലൈസൻസ് നൽകിയത്-സർക്കാറിന്റെ 16.3.2007ലെ ജി.ഒ. (പി )795/07 ത .സ്വ. ഭ. വ. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരം സ്ഥലനാമം രേഖപ്പെടുത്തുകയോ, പ്ളാസ്റ്റിക്ക് ഉപയോഗം സംബന്ധിച്ച സംസ്ഥാന മലിനീകരണബോർഡിന്റെ വ്യവസ്ഥകൾ പാലിക്കുമെന്ന സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്യാതെയാണ് ഡി.& ഒ. അപേക്ഷകളിൻ മേൽ ലൈസൻസുകൾ നൽകിയിട്ടുള്ളത്. തുടർന്നങ്ങോട്ട് ലൈസൻസ് പുതുക്കി നൽകുമ്പോൾ മേൽ ഉത്തരവിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.(13-11-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26 ന് മറുപടി ഹാജരാക്കിയിട്ടില്ല ).

## 2-4 2017-18 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല

സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ, തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് 85,433 രൂപ നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുതകുന്ന നടപടികൾ

<u>സ്വീകരിക്കേണ്ടതാണ്.</u>

കേരള പഞ്ചായത്ത് രാജ് നിയമം- 1994 വകുപ്പ് 3(2) ആണ് ഗ്രാമസഭയെന്താണെന്ന് വിശദീകരിച്ചത്. ഇതനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട ഒരു ഗ്രാമത്തെ വോട്ടർപ്പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ആ വാർഡിലെ ഗ്രാമസഭ. വകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഗ്രാമസഭകളിലെ ജനപങ്കാളിത്തവിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണവുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

3എ(1)(എ)- പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക;

(ബി)-ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക;

(സി)-ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണന ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക;

(എം)-ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക

(എൻ)-ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.

(പി)-ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

വകുപ്പ് (9) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതാണ്. ലിസ്റ്റിലെ മുൻഗണന ക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ലാത്തതുമാണ്.

മുകളിൽ പ്രതിപാദിച്ചത് ഗ്രാമസഭകളുടെ പ്രധാന അധികാരങ്ങളും ചുമതലകളുമാണ്. ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെ മിനട്സുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1. എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും ഏറെക്കുറെ ക്വാറത്തിനടുത്ത ആളുകൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ബാക്കി 90% വോട്ടർമാരും ഇതിന്റെ ഭാഗവാക്കാവാതെ നിൽക്കുന്നു.
2. ഓരോ വാർഡിന്റേയും പ്രശ്നങ്ങളേയോ പരിഹാരങ്ങളേയോ കുറിച്ച് സമഗ്രമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല.
3. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളിൽ മാത്രമേ ക്വാറത്തിനടുത്ത ആളുകൾ പങ്കെടുക്കുന്നുള്ളൂ. മറ്റു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വളരെ കുറവാണ്.
4. എല്ലാ ഗ്രാമസഭകളിലും പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ വരുന്നുള്ളൂ. പ്രദേശത്തിന്റെ പ്രത്യേകത, അവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ, അത് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നില്ല.
5. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ഒരു ഗ്രാമസഭയും തയ്യാറാക്കിയിട്ടില്ല.
6. ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയാവുന്നതാണെന്ന് പഞ്ചായത്ത്

രാജ് നിയമത്തിൽ പറയുന്നുണ്ടെങ്കിലും ഇത്തരം ചർച്ചകളൊന്നും നടക്കാറില്ല.

7. ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെങ്കിലും പല ഗ്രാമസഭകളും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല.
8. റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അധിക ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നത്.
9. വകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.
10. വകുപ്പ് 3എ(1)(ജെ) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭകളുടെ ചുമതലകളാണെങ്കിലും അത്തരത്തിൽ ഒന്നും ചെയ്തതായി കാണുന്നില്ല.
11. വകുപ്പ് 3എ(1)(ഐ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെങ്കിലും അത്തരത്തിൽ ചെയ്തതായി കാണുന്നില്ല.

<u>മുകളിൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു,</u>

1) എല്ലാ തരത്തിലുള്ള ആളുകളേയും ഗ്രാമസഭയിലെത്തിക്കാൻ വേണ്ട ബോധവത്കരണം നടത്തുക. ഗ്രാമസഭയെന്നാൽ കേവലം ജനകീയാസൂത്രണ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന യോഗം മാത്രമല്ലെന്നും ആ ഗ്രാമത്തിലെ എല്ലാ തരത്തിലുള്ള ആസൂത്രണങ്ങളുടേയും ഉറവിടം ഗ്രാമസഭയിൽ നിന്നാണെന്ന ബോധം ജനങ്ങളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2) ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ച ഉയർത്തിക്കൊണ്ടുവരേണ്ടതും, ചർച്ച ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

3) ഗ്രാമസഭയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾക്ക് ഭരണസമിതി അർഹമായ പ്രാധാന്യം നൽകാറുണ്ട് എന്ന് ജനങ്ങളെ ബോധവത്കരിക്കുക.

4) ഗ്രാമസഭാ നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിലൂടെ ചർച്ച ചെയ്ത് പ്രൊജക്ടുകളായി രൂപപ്പെടേണ്ടത്.

5) ജനങ്ങൾക്ക് പൊതുവേ സൗകര്യപ്രദമായ ദിവസം എല്ലാവർക്കും അറിയിയിപ്പ് നല്കി ഗ്രാമസഭ വിളിച്ച് കൂട്ടുക.

## 3-2 <u>കരാർ പ്രകാരം കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയതിൽ കുറവ്.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷം നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവർത്തികളിലെ കരാറുകാർ കരാർ പ്രകാരം കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കിയതായി കാണുന്നില്ല, എന്നാൽ ഇത്തരം കരാറുകാരിൽ നിന്ന് കരാർ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുമില്ല. എല്ലാ പ്രവർത്തികൾക്കും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും തമ്മിൽ കരാറുടമ്പടി വ്യവസ്ഥകൾ ഒപ്പിട്ടിരുന്നു. ഇതിലെ ഒരു പ്രധാന വ്യവസ്ഥയാണ് മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം(1/5)കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം വരെ പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം വീതം പിഴ ചുമത്തികൊണ്ട് മാത്രമെ കാലാവധി നീട്ടികൊടുക്കുകയുള്ളൂ എന്നും, പ്രവർത്തി പൂർത്തിയാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ അവസാനത്തെ അളവുകളെടുത്ത് രേഖപ്പെടുത്തുന്ന ദിവസമാണ് പ്രവർത്തി പൂർത്തിയാക്കിയ ദിവസമായി കണക്കാക്കുക എന്നുള്ളത്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തികളിൽ നിന്നും കരാറിനനുസൃതമായി പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു,

| ക്രംനം | പ്രൊജക്റ്റ് നം & പേര് & എംബുക്ക് നം | എഗ്രിമെന്റ് നം & കരാറുകാരൻ | കരാർ തുക/ പിഎസി& പ്രവർത്തി പൂർത്തീകരണ കാലാവധി | കരാർ പ്രകാരം പ്രവർത്തി പൂർത്തീകരണ തീയ്യതി | പ്രവർത്തി പൂർത്തീകരിച്ച തീയ്യതി | പ്രവർത്തി വൈകിയ കാലയളവ് | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | ബാക്കി തുക |
|---|---|---|---|---|---|---|---|---|---|
| 1 | SO123/17, ബങ്കളം പാൽസൊസൈറ്റി കാലിച്ചാമരം റോഡ് ടാറിംഗ്, 42/16-17. | 37/2016-17 dt 31.03.2017, കെ.ചന്തു | 3,30,000., 3മാസം | 30.6.2017 | 27.12.17 (എംബുക്ക് പേജ്.നം-16) | 5 മാസം 27 ദിവസം | 3% @ 9.900 | 2,378 | 7,522 |
| 2 | SO012/17, സി.എച്ച് കണാരൻ മന്ദിരം ചുള്ളിക്കാൽ തറവാട് റോഡ് ടാറിംഗ്,43/16-17. | 2/2016-17 dt.29.12.16, കെ.ചന്തു | 3,01,000., 6മാസം | 28.6.2017 | 13.12.17 (എംബുക്ക് പേജ്.നം-10) | 5 മാസം 15 ദിവസം | 3% @ 9.030 | 2,133 | 6,897 |
| 3 | SO009/17, ചുള്ളിമൂല അമ്പങ്ങോട്ടില്ലം റോഡ് ടാറിംഗ്, 44/16-17. | 01/2016-17 dt 2912.2016, കെ.ചന്തു | 3,28,000., 6മാസം | 28.6.2017 | 13.12.17 (എംബുക്ക് പേജ്.നം-15) | 5 മാസം 15 ദിവസം | 3% @ 9.840 | 2,389 | 7,451 |
| 4 | SO121/17, മേക്കാട്ട് പൂത്തക്കാൽ ഇ.എം.എസ് വായനശാല കക്കാട്ട് സ്ഥാനം റോഡ് ടാറിംഗ്,, 41/16-17. | 35/2016-17 dt 31.03.2017, കെ.ചന്തു | 2,80,000., 2മാസം | 30.5.2017 | 15.12.17 (എംബുക്ക് പേജ്.നം-15) | 6 മാസം 15 ദിവസം | 5% @ 14,000 | 2,114 | 11,886 |
| 5 | SO017/17, കളിയൻ മരം മൂലായിപള്ളി ചെരണത്തല റോഡ് ടാറിംഗ്, 46/16-17. | 23/2016-17 dt 23.01.2017, കെ.ചന്ദ്രൻ | 3,19,968., 6മാസം | 22.7.2017 | 29.12.17 (എംബുക്ക് പേജ്.നം-13) | 5 മാസം 7 ദിവസം | 3% @ 9.599 | 2,323 | 7,276 |
| 6 | SO021/17, കാനത്ത് കൊച്ചി കരിച്ചേരി റോഡ് ടാറിംഗ്, 47/16-17, 48/16-17 | 25/2016-17 dt 23.01.2017, സ.എച്ച്. ഇഖ്ബാൽ | 4,70,000., 6മാസം | 22.7.2017 | 4.12.17 (എംബുക്ക് പേജ്.നം-19) | 4 മാസം 12 ദിവസം | 3% @ 14,100 | 3,671 | 10,429 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | SO022/17, മേക്കാട്ട് അട്ടക്കാട്ട് റോഡ് ടാറിംഗ്, 45/16-17, 50/16-17 | 24/2016-17 dt 23.01.2017, കെ.ചന്ദ്രൻ | 4,26,000., 6മാസം | 22.7.2017 | 4.12.17 (എംബുക്ക് പേജ്.നം-18) | 4 മാസം 12 ദിവസം | 3% @ 12,780 | 3,241 | 9,539 |
| 8 | SO027/17, ചുള്ളിമൂല ശാസ്താംകാവ് റോഡ് ടാറിംഗ്, 49/16-17 | 7/2016-17 dt 31.12.2016, കെ.ബാലകൃഷ്ണൻ | 2,16,000., 6മാസം | 30.6.2017 | 26.12.17 (എംബുക്ക് പേജ്.നം-9) | 4 മാസം 26 ദിവസം | 3% @ 6,480 | 1,540 | 4,940 |
| 9 | SO125/17, നീരളി കായക്കീൽ റോഡ് ടാറിംഗ്,51/16-17 | 34/2016-17 dt 31.03.2017, കെ.ബാലകൃഷ്ണൻ | 4,98,000., 2മാസം | 30.5.2017 | 26.12.17 (എംബുക്ക് പേജ്.നം-16) | 6 മാസം 26 ദിവസം | 5% @ 24,900 | 3,559 | 21,341 |
| ആകെ | | | | | | | | | 87,281 |

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ചു നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് ഉക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകുകയോ കാലാവധി ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ ഉക നൽകിയത് ക്രമപ്രകാരമല്ല. എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2116-1പ്രകാരംനിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിന് കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1%നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല. എന്നാൽ ഇവിടെ എല്ലാ പ്രവർത്തികൾക്കും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും തമ്മിൽ കരാറുടമ്പടി വ്യവസ്ഥകൾ ഒപ്പിട്ടിരുന്നു. ആയത് പ്രകാരമുള്ള പിഴ തുകയാണ് ഈടാക്കേണ്ടിയിരുന്നത്. ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ക്രമപ്രകാരമല്ല. മോണിട്ടറിംഗ് സമിതി ഇക്കാര്യത്തിൽ നിരീക്ഷണങ്ങൾ നടത്തുകയോ ഗ്രാമപഞ്ചായത്ത്/സ്റ്റാന്റിംഗ് കമ്മറ്റിയെ മേൽ അറിയിക്കുകയോ ചെയ്തുകാണുന്നില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 87,281 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും, ഉടമ്പടി നിലനിൽക്കാത്ത കാലയളവിൽ പ്രവൃത്തി ചെയ്യാൻ അനുവദിച്ചതിനും, ഉക അനുവദിച്ചതിനും വിശദീകരണം നൽകേണ്ടതുമാണ്.

## 3-3 മരാമത്ത് പ്രവൃത്തി- കരാർ ചമക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 ക്ലോസ് അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകരാൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ഈ 10 ദിവസങ്ങളിലും കരാറുകാരൻ കരാർ ഉടമ്പടി ചമക്കുന്നില്ലെങ്കിൽ ഈ ബിഡ് തള്ളി പ്രവൃത്തി നിർവഹണത്തിന് ടെണ്ടറിംഗ് അധികാരിക്ക് തുടർന്നുള്ള ചെറിയ തുക ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്താവുന്നതോ റീ ടെണ്ടർ ചെയ്യാവുന്നതോ ആണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ വയ്ക്കാത്തതായും ബിഡ് തള്ളുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ എടുക്കാതെ വൈകി കരാർ ചമച്ചതായും വൈകി കരാർ വച്ചതിന്

മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കാത്തതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെപേര്, കരാർതുക, കരാറുകാരൻ | സെലക്ഷൻ നോട്ടീസിന്റെ തിയതി | പിഴ കൂടാതെ കരാർ ചമക്കാമായിരുന്ന തിയതി | 1% പിഴയോടു കൂടി കരാർ ചമക്കാമായിരുന്ന തിയതി | കരാർ ചമച്ച തിയതി | പിഴ ഈടാക്കാത്തതിനാലുള്ള നഷ്ടം |
|---|---|---|---|---|---|
| പ്രോജക്ട് നം SO125/17- നീരളി കായക്കീൽ റോഡ് ടാറിംഗ്, കരാർതുക- 4,98,000 കെ.ബാലകൃഷ്ണൻ | 06.03.2017 | 21.03.2017 | 31.03.2017 | 31.03.2017 | 4,980 |
| പ്രോജക്ട് നം SO022/17- മേക്കാട്ട് അട്ടക്കാട്ട് റോഡ് ടാറിംഗ്, കരാർതുക- 4,26,000 കെ.ചന്ദ്രൻ | 17.12.2016 | 31.12.2016 | 10.01.2017 | 23.01.2017 | 4,260 |
| പ്രോജക്ട് നം SO021/17- കാനത്ത് കൊച്ചി കരിച്ചേരി റോഡ് ടാറിംഗ്, കരാർതുക- 4,70,000 സി.എച്ച്.ഇഖ്ബാൽ | 17.12.2016 | 31.12.2016 | 10.01.2017 | 23.01.2017 | 4,700 |
| പ്രോജക്ട് നം SO017/17- കളിയൻ മരം മൂലായിപള്ളി ചെരണത്തല റോഡ് ടാറിംഗ്, കരാർതുക- 3,19,968 കെ.ചന്ദ്രൻ | 17.12.2016 | 31.12.2016 | 10.01.2017 | 23.01.2017 | 3199.68 @= 3,200 |

| | | | | | |
|---|---|---|---|---|---|
| പ്രോജക്റ്റ് നം SO121/17- മേക്കാട്ട് പൂത്തക്കാൽ ഇ.എം.എസ് വായനശാല കക്കാട്ട് സ്ഥാനം റോഡ് ടാറിംഗ്, കരാർതുക- 2,80,000<br>കെ.ചന്തു | 06.03.2017 | 21.03.2017 | 31.03.2017 | 31.03.2017 | 2,800 |
| പ്രോജക്റ്റ് നം SO123/17- ബങ്കളം പാൽ സൊസൈറ്റി കാലിച്ചാമരം റോഡ് ടാറിംഗ്, കരാർതുക- 3,30,000<br>കെ.ചന്തു | 06.03.2017 | 21.03.2017 | 31.03.2017 | 31.03.2017 | 3,300 |
| പ്രോജക്റ്റ് നം SO008/17- ഏച്ചിക്കാനം ചുമലി വാഴക്കാട് പുളിക്കാൽ റോഡ് ടാറിംഗ്, കരാർതുക- 3,10,000<br>എ.കണ്ണൻ | 17.12.2016 | 31.12.2016 | 10.01.2017 | 13.01.2017 | 3,100 |
| പ്രോജക്റ്റ് നം SO023/17- കടവുങ്കാൽ റോഡ് ടാറിംഗ്, കരാർതുക- 2,37,000<br>എ.കണ്ണൻ | 17.12.2016 | 31.12.2016 | 10.01.2017 | 13.01.2017 | 2,370 |
| പ്രോജക്റ്റ് നം SO123/17- മൂന്ന് റോഡ് മുത്തപ്പൻ അമ്പലം റോഡ് | 06.03.2017 | 21.03.2017 | 31.03.2017 | 31.03.2017 | 2,700 |

| | | | | | |
|---|---|---|---|---|---|
| ടാറിംഗ്, കരാർതുക- 2,70,000<br>കെ.ചന്ദ്രു | | | | | |
| പ്രോജക്റ്റ് നം SO010/17- കുണ്ടറ അങ്കണവാടി റോഡ് ടാറിംഗ്, കരാർതുക- 3,20,000<br>ബി.എം.കൃഷ്ണൻ നായർ | 17.12.2016 | 31.12.2016 | 10.01.2017 | 20.01.2017 | 3,200 |
| പ്രോജക്റ്റ് നം SO01417- കാരക്കോട് പള്ളം വെള്ളട റോഡ് ടാറിംഗ്, കരാർതുക- 2,67,974<br>കെ.ചന്ദ്രൻ | 17.12.2016 | 31.12.2016 | 10.01.2017 | 23.01.2017 | 2,679.74 @= 2,680 |
| പ്രോജക്റ്റ് നം SO019/17- ചേക്കാനം തീർത്ഥങ്കര റോഡ് ടാറിംഗ്, കരാർതുക- 4,74,000<br>എം.വി.രമേശൻ | 17.12.2016 | 31.12.2016 | 10.01.2017 | 10.01.2017 | 4,740 |
| പ്രോജക്റ്റ് നം SO016/17- കോതോട്ട് തൈവളപ്പ് റോഡ് ടാറിംഗ്, കരാർതുക- 3,25,000<br>കെ.ചന്ദ്രു | 17.12.2016 | 31.12.2016 | 10.01.2017 | 04.01.2017 | 3,250 |
| പ്രോജക്റ്റ് നം SO015/17- കുളങ്ങാട്ട് കറുവളപ്പ് റോഡ് റീ ടാറിംഗ്, കരാർതുക- 4,46,585<br>റഷീദ്.എം | 04.01.2017 | 18.01.2017 | 28.01.2017 | 20.01.2017 | 4,465.85 @= 4,466 |

| | | | | | |
|---|---|---|---|---|---|
| പ്രോജക്റ്റ് നം SO030/17-വിവിധ അങ്കണവാടികൾ റിപ്പയർ,<br>കരാർതുക- 5,86,347<br>ബാലകൃഷ്ണൻ.കെ | 06.03.2017 | 21.03.2017 | 31.03.2017 | 31.03.2017 | 5,863 |
| പ്രോജക്റ്റ് നം SO113/17-മേക്കാട്ട് ചാളക്കചവ് പൂത്തക്കാൽ റോഡ് റീ ടാറിംഗ്,<br>കരാർതുക- 6,88,477<br>റോയ് ജോസ്. | 04.01.2017 | 18.01.2017 | 28.01.2017 | 20.02.2017 | 6,884.77 @= 6,885 |

മേൽ വിവരിച്ച പ്രകാരമുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നം- 12/09.11.2018).

## 3-4 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ എരിക്കുളം പൊതുശ്മശാനം നവീകരണ പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ .

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എരിക്കുളം പൊതുശ്മശാനം നവീകരണവും അനുബന്ധസൗകര്യങ്ങളും (പ്രോജക്റ്റ് നം SO 058/16) |
| കൺവീനർ | കെ.എം.ഷാജി |
| കരാർ നം | 50/2014-15തിയതി 06.03.2015 |
| എസ്റ്റിമേറ്റ് | 14.99ലക്ഷം രൂപ ( തനത് ഫണ്ട്) |
| സാങ്കേതികാനുമതി | LSGD/TS/KHD/399/14-15തിയതി 13.01.2015 |
| അന്തിമ ബിൽ | 11.4.2017 തീയ്യതിയിലെ ചെക്ക് നം- 7490744 മുതൽ 7490744 വരെയുള്ളവ-<br>ഗ്രോസ് തുക- 13,98,879 രൂപ (12,35,046 + 25,205 + 1,26,025 + 12,603). |

| | |
|---|---|
| | |
| എം. ബുക്ക് നം | 75/2014-15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഈ പ്രവൃത്തി നടപ്പിലാക്കിയത് ഗുണഭോക്തൃ സമിതിയാണ്. ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കുലർ നമ്പർ 1/1559/2010 /സി.ഇ/ത.സ്വ.ഭ.വ. തി. 13.11.2014 പ്രകാരം സർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സാമ്പത്തിക വർഷം ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത മാർഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. മേൽസർക്കുലർ പ്രകാരം പ്രവൃത്തിയുടെ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമെ പണമിടപാട് നടത്താൻ പാടുള്ളൂ. എന്നാൽ ഗുണഭോക്തൃസമിതി ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. കൂടാതെ പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ കൂലി, യന്ത്രങ്ങളുടെ വാടക തുടങ്ങിയ സംബന്ധിച്ച് കണക്കുകൾ, മസ്റ്റർ റോൾ , മിനുട്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും ഇത് സൂക്ഷിച്ചതായി കാണുന്നില്ല. ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃ സമിതി ബില്ലുകൾ സഹിതം ചെലവു വിവരം ഹാജരാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ചെലവ് എത്രയാണെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിരിക്കണമെന്ന നിബന്ധനയും ഗുണഭോക്തൃ സമിതിയുടെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല. പ്രവൃത്തി മോണിട്ടറിംഗ് നടത്തേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പോ, നിർവഹണ ഉദ്യോഗസ്ഥനോ ഒരു ഘട്ടത്തിലും ഇത്തരം അപാകതകൾ ഗുണഭോക്തൃ സമിതിയുടെ ശ്രദ്ധയിൽ പെടുത്തികാണുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തി നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

പഞ്ചായത്തു രാജ് സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ 1997 ലെ കേരള പഞ്ചായത്തു രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 1999ൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗരേഖ, എന്നിവകളിൽ വിവരിക്കുന്നു. പഞ്ചായത്ത് രാജ് (പൊതുമരാമത്തു പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു പ്രവൃത്തി ഏതു രീതിയിൽ നിർവഹിക്കണമെന്ന് പഞ്ചായത്തിന് തീരുമാനിക്കാവുന്നതാണ്. ഉപചട്ടം 4 പ്രകാരം ഒരു പൊതുമരാമത്തു പണി കൂടുതൽ സാങ്കേതികത്വം ഉള്ളതും യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തേണ്ടതും വിദഗ്ദരുടെ മേൽനോട്ടം ആവശ്യമുള്ളതുമാണെങ്കിൽ കരാറുകാർ മുഖേന നടത്തണമെന്നും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ ചെയ്യാവുന്ന സംഗതിയിൽ ഗുണഭോക്തൃ സമിതികൾ മുഖേനയും പണി നടത്താവുന്നതാണെന്ന് പഞ്ചായത്തിന് തീരുമാനിക്കാവുന്നതുമാണ്. ഇപ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന പണികൾ നടത്തുമ്പോൾ അവലംബിക്കേണ്ട നടപടിക്രമങ്ങൾ ചട്ടം 13 ൽ വിവരിക്കുന്നു. ഇതനുസരിച്ച് ഒരു പൊതുമരാമത്തു പ്രവൃത്തി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം ബന്ധപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും നോട്ടീസ് നൽകിക്കൊണ്ട് പ്രസ്തുത പണിയുടെ ചുമതലയുള്ള നിർഹണോദ്യോഗസ്ഥൻ, വിളിച്ച കൂട്ടേണ്ടതും വാർഡ് പ്രതിനിധിയുടെ അധ്യക്ഷതയിലുള്ള ഈ യോഗത്തിൽ വച്ച് 15 ൽ കവിയാതെയും 7 ൽ കുറയാതെയുമുള്ള അംഗങ്ങളടങ്ങുന്ന ഒരു എക്സിക്യൂട്ടിവ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണെന്നും ഇതിൽ മൂന്നിലൊന്നു ഭാഗം വനിതകളായിരിക്കേണ്ടതാണെന്നും ഒരു കൺവീനറുണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു (ചട്ടം 13(2). ചട്ടം 13(3) പ്രകാരം ഗുണഭോക്തൃ സമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്തു പണിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും

ബിനാമി ഇടപാട്ട് വെളിപ്പെടുന്ന പക്ഷം അതിനു കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കപ്പെടുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ അവയുടെ തൃപ്തികരമായ പൂർത്തീകരണം ഉറപ്പു നൽകിക്കൊണ്ട് പഞ്ചായത്തുമായി കൺവീനർ കരാർ വയ്ക്കേണ്ടതും ഇപ്രകാരം കരാർ വയ്ക്കാൻ കൺവീനറെ അധികാരപ്പെടുത്തിക്കൊണ്ടും നിർവഹണത്തിലുണ്ടാകുന്ന വീഴ്ച മൂലമുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിത്വം എറ്റെടുത്തുകൊണ്ടും സമിതിയംഗങ്ങൾ ഒരു സമ്മതപത്രം പഞ്ചയാത്തിന് സമർപ്പിക്കേണ്ടതുമാണ് (ചട്ടം 13(4). പ്രവൃത്തി പൂർത്തീകരണത്തിൽ സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകളും ഗുണഭോക്തൃസമിതിയുടെ മിനിട്സ് ബുക്ക്, മസ്റ്റർ റോളുകൾ തുടങ്ങി എല്ലാ രേഖകളും സമിതി അംഗീകരിച്ചതു പ്രകാരം സെക്രട്ടറിക്കു സമർപ്പിക്കേണ്ടതുമാണ്. പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ കൂടിയായിരിക്കേണ്ടതുമാണ്. ചട്ടം 17(1,2,) എന്നിവ പ്രകാരം പൊതുമരാമത്തു പ്രവൃത്തികളുടെ വിവരം ഗ്രാമസഭയുടെ അറിവിലേക്കായി ഗ്രാമസഭയുടെ അടുത്ത യോഗത്തിൽ അറിയിക്കേണ്ടതാണ്.

ജി.ഒ.(എം.എസ്)248/2012 തസ്വഭവ തീ. 29.9.2012 പ്രകാരം (7.9(3)) ഒരു പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക-സംഘടനാ പരിചയവും ഉണ്ടോ എന്ന് പരിശോധിച്ചുറപ്പു വരുത്തിയശേഷം മാത്രമേ ഗുണഭോക്തൃസമിതികളെ പ്രവൃത്തികൾ ഏൽപ്പിക്കാവൂ എന്നും നിർദ്ദേശിക്കുന്നു. കേരള പഞ്ചായത്തു രാജ് ചട്ടങ്ങളിലെ ചട്ടം 3എ(ഐ) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തു വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ സമിതികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക ഗ്രാമസഭയുടെ അധികാരത്തിൽപ്പെട്ട കാര്യമാണ്. അതുപോലെതന്നെ ചട്ടം 3(2) പ്രകാരം ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കിയതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്റ്റിമേറ്റിന്റെയും അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശങ്ങളെക്കുറിച്ചും അറിയാൻ ഗ്രാമസഭയ്ക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്. മേൽ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടാണ് ഗുണഭോക്തൃ സമിതി പ്രവർത്തിക്കുന്നതെന്ന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 സർവ്വീസ് ടാക്സ് അടവാക്കിയില്ല.

താഴെ പറയുന്ന പ്രൊജക്റ്റുകളിൽ ആകെ മൂല്യനിർണ്ണയ തുകയോടൊപ്പം വകയിരുത്തിയ സേവന നികുതി പ്രവൃത്തിയുടെ കരാറുകാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ സേവന നികുതി അടവാക്കിയതിന്റെ രേഖ ലഭ്യമല്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | മൂല്യനിർണ്ണയ തുക | സേവന നികുതി | ബിൽ നമ്പർ | കരാറുകാരൻ |
|---|---|---|---|---|
| എസ്.ഒ033/2017,കൂട്ടപ്പന്ന അംഗൺവാടി വയറിംഗ്. | 44,467 | 2,649 | 16/17-18/ 26.07.2017 | വിനോദ്കുമാർ.എം, കാലിക്കടവ് |
| എസ്.ഒ 034/2017,കൂട്ടപ്പന്ന ST കമ്മ്യൂണിറ്റി ഹാൾ വയറിംഗ്. | തുക- 35,007 + തുക- 30,255 | 3,889 | ബിൽ നം.- 17/17-18/ 26.07.17 + ബിൽ നം.- 29/17-18/ 08.03.18 | വിനോദ് കുമാർ.എം, കാലിക്കടവ് |

| | | | | |
|---|---|---|---|---|
| ആകെ | | 6,538 | | |

6538രൂപ കരാറുകാരൻ അടവാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ (ഓഡിറ്റ് എൻക്വയറി നം-09/09.11.2018,10/10.11.2018)ഇടർന്ന് തുക റസീത് നം3688221/15.11.18, 3688222/15.11.18 എന്നിവ പ്രകാരം 6538 രൂപ കരാറുകാരൻ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

## 3-6 ടാർ വാങ്ങുന്നതിന് ഓയിൽകമ്പനികൾക്ക് മുൻകൂർ നൽകിയ തുകയിൽ തിരികെ ലഭിക്കുവാനുള്ളത് 26,363 രൂപ.

10.02.2017 ലെ സർക്കാർ സർക്കുലർ നം 75/ഡി.എ1/2017/തസ്വഭവ പ്രകാരം അനുമതി നൽകിയതനുസരിച്ച് 2016-17 വർഷം നടപ്പിലാക്കനുദ്ദേശിച്ച 25 റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമൽഷനും വാങ്ങി നൽകുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്നായി ആകെ ₹ 27,97,341 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന ഓയിൽ കമ്പനികൾക്ക് (മാംഗളൂർ പെട്രോകെമിക്കൽസ് ലിമിറ്റഡ് &ഹിന്ദുസ്ഥാൻ കൊളാസ് കൊച്ചി) മുൻകൂർ ആയി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾക്ക് മാർച്ച് 2017 മാസത്തിൽ തന്നെ തുക മുൻകൂർ ആയി നൽകിയിരുന്നെങ്കിലും ഈ സ്ഥാപനങ്ങൾ സാമഗ്രികൾ നൽകിയത് 2017ഏപ്രിൽ മാസത്തിലാണ്. തുക മുൻകൂർ നൽകിയ തിയതി മുതൽ സാമഗ്രികൾ വിതരണം ചെയ്ത തിയതി വരെയുള്ള കാലയളവുകളിൽ ഈ സാമഗ്രികൾക്ക് വിലക്കുറവ് വന്നിട്ടുണ്ട്. അതു കൊണ്ട് പഞ്ചായത്ത് മുൻകൂർ നൽകിയ തുകയെക്കാൾ 73,478രൂപ കുറവിൽ ഈ സാമഗ്രികൾ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 47,115 രൂപ തിരികെ ലഭിച്ചിട്ടുണ്ട്, പഞ്ചായത്ത് മുൻകൂർ നൽകിയ തുകയിൽ 26,363 രൂപ ഹിന്ദുസ്ഥാൻ കൊളാസ് എന്ന സ്ഥാപനങ്ങളിൽ ബാക്കി ലഭിക്കാനുണ്ട്. ഈ തുക എത്രയും പെട്ടെന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-7 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ടെണ്ടർ കുറവ് കുറക്കാതെ ബിൽതുക നൽകി.

പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം എന്ന പ്രൊജക്റ്റിന്റെ ബിൽ തയ്യാറാക്കിയപ്പോൾ കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ കുറവ് കുറച്ചിട്ടില്ല. ഈടാക്കാൻ അവശേഷിക്കുന്ന ടെണ്ടർ കുറവ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം |
|---|---|
| കരാറുകാരൻ | അബ്ദുൾ നസീർ.എം.എ |
| ക്വാട്ട് ചെയ്ത ടെണ്ടർ കുറവ് | 0.26% |
| എം.ബുക് | 66,14-15,69/14-15, 30/15-16, 2/14-15, 64/14-15, 63/14-15, 68/14-15, 25/15-16, 72/17-18 |
| ആകെ പ്രവൃത്തി മൂല്യം (part bill) | 1,04,35,473 |
| ഈടാക്കേണ്ട ടെണ്ടർ കുറവ് | 27,132 |
| ടെണ്ടർ കുറവ് കഴിച്ച് നൽകാവുന്നത് | 1,04,08,341 |
| നൽകിയത് | 1,04,35,473 |
| ഈടാക്കാൻഅവശേഷിക്കുന്ന ടെണ്ടർ കുറവ് | 27,132 |
| ചെക്ക്- നമ്പർ | 6904546/9.5.2018 |

ഫൈനൽ ബില്ല് നല്കുമ്പോൾ ടെണ്ടർ കുറവ് കഴിച്ച് തുക നൽകുന്നതാണെന്നാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ നല്കിയ മറുപടി. ആയതുകൊണ്ട് ഫൈനൽ ബില്ല് നല്കുമ്പോൾ ടെണ്ടർ കുറവ് വരുത്തേണ്ടതാണ്.

## 3-8 പാലിയേറ്റീവ് പരിചരണം- സാമൂഹിക സംഘടനകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയുടെ സഹായസഹകരണങ്ങൾ കൂടി തേടേണ്ടതാണ്

02.11.20009ലെ തസ്വഭവ സർക്കുലർ നമ്പർ 66373/ഡി.എ1/2009 സർക്കുലർ പ്രകാരം ദുരിതം അനുഭവിക്കുന്ന രോഗികൾക്ക് ആരോഗ്യവകുപ്പ്,തദ്ദേശഭരണ സ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ എന്നീമൂന്ന് വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപ്പിച്ചുകൊണ്ട് ആവശ്യകാർക്ക് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനാണ് പാലിയേറ്റീവ് പരിചരണനയം ലക്ഷ്യമിടുന്നത്. എന്നാൽ പാലിയേറ്റീവ് പരിചരണത്തിൽ ഗ്രാമപഞ്ചായത്ത് സാമൂഹിക സംഘടനകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയുടെ സഹായസഹകരണങ്ങൾ തേടി കാണുന്നില്ല .ഹോംകെയർ സംവിധാനം കൂടുതൽ ഫലപ്രദമായി നടത്തുന്നതിനായി ഓഡിറ്റ് വർഷങ്ങളിൽ പ്രാദേശികമായി വിഹിതം സമാഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. .സാമൂഹിക സംഘടനകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയുടെ സഹായസഹകരണങ്ങൾ കൂടി തേടി മെച്ചപ്പെട്ട പാലിയേറ്റീവ് പരിചരണം പഞ്ചായത്തിൽ നടപ്പിൽ വരുത്തുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും - കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.1.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007/ത.സ്വ.ഭ.വ. തീയതി 14.3.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ ആയുർവേദ മെഡിക്കൽ ഓഫീസർ, ഹോമിയോ മെഡിക്കൽ ഓഫിസർ, മെഡിക്കൽ ഓഫിസർ പി.എച്ച്.സി എന്നിവർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്.എം.സി.കളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

## 3-10 അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി- പഞ്ചായത്ത് ഫണ്ടിന് 10738/- രൂപയുടെ നഷ്ടം.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | അംഗനവാടി പോഷകാഹാരം, (SO74/2017-2018) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്രവൈസർ |
| അടങ്കൽ | 2192829 |

കുടുംബശ്രീ സ്ഥാപനമായ കുണ്ടംകുട്ടിച്ചാൽ ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നുമാണ്

അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. GO(MS)No. 1450/2018 LSGD, Dtd 25.05.2018 ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി എസ് ടി 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്ത ബില്ല് പ്രകാരം അധിക നിരക്കിൽ (18%) ജി എസ് ടി നൽകിയത് മൂലം 10738 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബില്ല് നം/ ചെക്ക് നം& തീയ്യതി. തുക | ഇൻവോയ്സ് നം- | ന്യൂട്രിമിക്സിന്റെ വില | അനുവദിച്ച നികുതി (18%) | നികുതി അടക്കം ന്യൂട്രിമിക്സിന് നല്കിയ വില | അനുവദിക്കാവുന്ന നികുതി (5% ) | നികുതി അനുവദിച്ചതിൽ അധികം |
|---|---|---|---|---|---|---|
| 14/17-18,തീയ്യതി 10.1.2018. ബിൽ തുകRs.99,238 | 10/ 29.11.2017 | 82600 | 14868 | 97468 | 4130 | 14868-4130 =10738രൂപ |

ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ –ഐ.സി.ഡി.എസ്.സൂപ്പർവൈസർ

മടിക്കൈ ഗ്രാമ പഞ്ചായത്തിലെ 28 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം കുണ്ടംകുട്ടിച്ചാൽ ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങുന്നത്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. തുടർന്നങ്ങോട്ട് നിർബന്ധമായും ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധായമാക്കേണ്ടതും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-12 വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ -ആദായ നികുതി ഈടാക്കാത്തത്

1. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തുണിസഞ്ചി വിതരണം എന്ന പദ്ധതിയുടെ ഭാഗമായി 6247 തുണിസഞ്ചികൾ ഗ്രാമ പഞ്ചായത്തിന് സപ്ലൈ ചെയ്യുന്നതിന് ഗ്രീൻസി ഇക്കോ ബാഗ്സ് കോട്ടപ്പാറ എന്ന സ്ഥാപനത്തിന്റെ 2,00,544 രൂപയുടെ ടെണ്ടർ ഗ്രാമ പഞ്ചായത്തിന്റെ 29-11-2017 ലെ 3/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കരാറിന്റെ അടിസ്ഥാനത്തിൽ തുണിസഞ്ചികൾ സപ്ലൈ ചെയ്തിട്ടുമുണ്ട്. എന്നാൽ മേൽ സ്ഥാപനവുമായുള്ള സപ്ലൈ കോൺട്രാക്ടിന്റെയടിസ്ഥാനത്തിൽ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതമായി ഈടാക്കേണ്ട ആദായ നികുതി 2%(Income Tax Act, Sec 194 (C)അനുസരിച്ച് 1.4.2010 മുതൽ വ്യക്തികളിൽ നിന്ന് 1%, സ്ഥാപനങ്ങളിൽ നിന്ന് 2%) ഈടാക്കിയിട്ടില്ല. 9.2.2018 ന് 3/2017-18 ബിൽ പ്രകാരം ട്രഷറിയിൽ നിന്നും 2,00,544 രൂപ മേൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (vender)

ഉണിസഞ്ചിയുടെ വിലയായി 9.2.2018ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആദായനികുതി കുറവ് ചെയ്തിട്ടില്ല.സ്ഥാപനത്തിന് നല്കിയ 2,00,544 രൂപയുടെ (2%) 4,010 രൂപ ആദായ നികുതിയിനത്തിൽ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മറ്റൊരു പദ്ധതിയായ ശുചിത്വഗ്രാമം സുന്ദരഗ്രാമം എന്ന പദ്ധതിയുടെ ഭാഗമായി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വേണ്ടിയുള്ള 37 ഇരുമ്പ് പെട്ടികൾ ഗ്രാമ പഞ്ചായത്തിന് സപ്ലൈ ചെയ്യുന്നതിനായുള്ള സെയ്ഫ് വെൽഡ്,പൂത്തക്കാൽ എന്ന സ്ഥാപനത്തിന്റെ 4,52,000 രൂപയുടെ ടെണ്ടർ ഗ്രാമ പഞ്ചായത്തിന്റെ 27-12-2017 ലെ 3/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കരാറിന്റെ അടിസ്ഥാനത്തിൽ ഇരുമ്പ് പെട്ടികൾ സപ്ലൈ ചെയ്തിട്ടുമുണ്ട്. എന്നാൽ മേൽ സ്ഥാപനവുമായുള്ള സപ്ലൈ കോൺട്രാക്റ്റിന്റെയടിസ്ഥാനത്തിൽ നിയമാനുസൃതമായി ഈടാക്കേണ്ട ആദായ നികുതി (2%) (Income Tax Act, Sec 194 (C)അനുസരിച്ച് 1.4.2010 മുതൽ വ്യക്തികളിൽ നിന്ന് 1%, സ്ഥാപനങ്ങളിൽ നിന്ന് 2%), ഈടാക്കിയിട്ടില്ല. 28.2.2018 ന് 5/2017-18 ബിൽ പ്രകാരം ട്രഷറിയിൽ നിന്നും 4,52,000 രൂപ മേൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (vender) ഇരുമ്പ് പെട്ടികളുടെ വിലയായി നിർവ്വഹണ ഉദ്യോഗസ്ഥൻ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആദായ നികുതി കുറവ് ചെയ്തിട്ടില്ല.സ്ഥാപനത്തിന് നല്കിയ 4,52,000 രൂപയുടെ (2%) 9,040 രൂപ ആദായ നികുതിയിനത്തിൽ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-13 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ലാത്തത് - സംബന്ധിച്ച് .

ഗ്രാമ പഞ്ചായത്തിന്റെ മടിക്കൈ PHCക്ക് മരുന്ന് വാങ്ങൽ എന്നപ്രൊജക്റ്റിന്റെ ഭാഗമായി PHC യിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതിവരെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്എന്ന സ്ഥാപനം മുഴുവൻ തുകയുടെയും മരുന്ന് വിതരണം ചെയ്തിട്ടില്ല. 16,345രൂപയുടെ മരുന്ന് PHCക്ക് ഇനിയും ലഭ്യമാകേണ്ടതായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ പ്രൊജക്റ്റിന്റെ പേര് | ട്രഷറി ബിൽ നമ്പർ /തീയ്യതി/തുക | ഇൻവോയ്സ് നമ്പർ/ തീയ്യതി | ഇൻവോയ്സ് പ്രകാരം ലഭിച്ച മരുന്നുകളുടെ തുക | ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ തുക |
|---|---|---|---|---|---|
| 1 | SO 58/2017-18 മടിക്കൈ PHCക്ക് മരുന്ന് വാങ്ങൽ | 3/17-18/ 25-10-2017 Rs.3,00,000 ( മെയിന്റനൻസ് ഫണ്ട് റോഡിതരം ) | 5830/ 04-12-2017 | 20,034 | |
| | | | 5832/ 04-12-2017 | 53,843 | |
| | | | 5834/ 04-12-2017 | 1,03,285 | |
| | | | 8538/ 14-03-2018 | 65,183 | |
| | | | 656/ 13-04-2018 | 1,390 | |
| | | | 672/ 13-04-2018 | 3,506 | |

| | | | | |
|---|---|---|---|---|
| | | 1930/<br>22-05-2018 | 5,661 | |
| | | 2763/<br>07-06-2018 | 9,053 | |
| | | 7155/<br>23-08-2018 | 21,700 | |
| | ആകെ | | 2,83,655 | 16,345 |

16,345രൂപയുടെ മരുന്ന് ആശുപത്രിക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ തുക ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. എത്രയും പെട്ടെന്ന് ബാക്കിമരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-14 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമപഞ്ചായത്ത് വിഹിതമായി 11,5000രൂപ രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | വി.ഇ.ഒ | 65/2017-18<br>PMAY2016-17 ജനറൽ പദ്ധതി | 1/13.9.2017 | 20,000 | സെക്രട്ടറി,കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് |
| 2 | വി.ഇ.ഒ | 139/2017-18<br>PMAY2017-18 ജനറൽ പദ്ധതി | 2/13.9.2018 | 20,000 | സെക്രട്ടറി,കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് |
| 3 | വി.ഇ.ഒ | 144/2017-18<br>ലൈഫ് ഭവനപദ്ധതി | 4/24.2.18 | 75,000 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി |
| | | | ആകെ | 1,15,000രൂപ | |

## 3-15 സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1) പ്രൊജക്ട് നം.13/18

ബിൽ നം.34/17-18/26.3.2018 – 2,00,000/-

2) പ്രൊജക്ട് നം.203/18

ബിൽ നം.34/17-18/26.3.2018 – 15,00,000/-

മടിക്കൈ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിക്കായി പ്രൊജക്ട് നം.13/18, പ്രൊജക്ട് നം.203/18 എന്നിങ്ങനെ രണ്ട് പദ്ധതികളിലായി മേൽ ബില്ലുകൾ പ്രകാരം ആകെ 17,00,000/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷനിൽ അസി.എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് നം. 67063536393, എസ്.ബി.ഐ നീലേശ്വരം ശാഖയിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ്, അല്ലെങ്കിൽ നടപടിക്രമം,അല്ലെങ്കിൽ 17,00,000/- രൂപ നിക്ഷേപം നടത്തണം എന്ന് ആവശ്യപ്പെട്ട് നൽകിയ കത്ത് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.27/13.11.2018 പ്രകാരം ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 15.11.2018 ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതിക്ക് ആസൂത്രണ സമിതി, ഭരണസമിതി എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് അസി.എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ്, അല്ലെങ്കിൽ നടപടിക്രമം, കത്ത് എന്നിവ സംബന്ധമായി മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ തുക നിക്ഷേപിക്കുന്നതിന് ആധാരമായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നുള്ള രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 17,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 കുണ്ടേൻവയൽ കുടിവെള്ളവിതരണ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.12/18

ബിൽ നം.13/17-18/28.9.17 – 2,36,738/-

ബിൽ നം.17/17-18/30.10.17 – 3,80,517/-

മടിക്കൈ ഗ്രാമപഞ്ചായത്തിലെ കുണ്ടേൻവയൽ പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി കേരളാ ജല അതോറിറ്റി നം.ഡി-3-2939/2017,തിയ്യതി. 27.9.2017 പ്രകാരം 36 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. ഇതിൽ മേൽ ബില്ലുകൾ പ്രകാരമുള്ള ആകെ 6,17,255/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും ബാക്കി 29,82,745/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവുമാണ്. ഗ്രാമപഞ്ചായത്ത് വിഹിതമായ 6,17,255/- രൂപ കേരളാ ജല അതോറിറ്റി ബാങ്ക് അക്കൗണ്ട് നം.10510439545(എസ്.ബി.ഐ, കാസറഗോഡ്) ൽ നിക്ഷേപം നടത്തി. 27.2.2018ന് കേരളാ ജല അതോറിറ്റി യുമായി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1. എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്ത് തുക നിക്ഷേപിച്ച വിവരം ജില്ലാ പഞ്ചായത്തിനെ കത്ത് മുഖാന്തിരം അറിയിച്ചുവോ എന്ന് വിശദമാക്കിയിട്ടില്ല.
3. ജില്ലാ പഞ്ചായത്ത് 2017-18 വർഷത്തിൽ ഈ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ട്. ഈ തുക കേരളാ ജല അതോറിറ്റിയിൽ നിക്ഷേപം നടത്തിയതിന്റെ വിവരങ്ങൾ അറിയിച്ചിട്ടുണ്ടോ എന്ന് വിശദമാക്കിയിട്ടില്ല.

4. ഈ പദ്ധതി പൂർത്തീകരിച്ചുവോ, ഇല്ലെങ്കിൽ നിലവിലെ സ്ഥിതി എന്താണ് എന്ന് വിശദമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.28/13.11.2018 മേലെ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 15.11.2018 ൽ മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ല, ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്, ആയതിന്റെ രേഖകൾ കേരളാ ജല അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

പദ്ധതി പൂർത്തീകരിക്കാൻ കേരളാ ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവിരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 6,17,255/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 ആലൈ അംഗൻവാടി കെട്ടിടനിർമ്മാണം തുക നിക്ഷേപിച്ചത് -പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.186/18

ബിൽ നം.14/17-18/28.9.2017 – 5,80,000/-

മടിക്കൈ ഗ്രാമപഞ്ചായത്തിലെ ആലൈ അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിനുള്ളതാണ് ഈ പദ്ധതി. പൊതുമരാമത്ത് കെട്ടിടവിഭാഗത്തിനാണ് നിർമ്മാണച്ചുമതല. 14.5 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഈ പദ്ധതിയുടെ 60% തുക സംസ്ഥാന ഗവൺമെന്റും, ബാക്കി 40% ഗ്രാമപഞ്ചായത്തും വഹിക്കണം. ശിശുവികസന പദ്ധതി ഓഫീസറുടെ കത്ത് നം.ICDS/KHD/174/17, Dt.4.4.2017 പ്രകാരം കെട്ടിടനിർമ്മാണത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സാമൂഹ്യനീതി ഡയറക്ടറിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും, അതിനാൽ 40% ഗ്രാമപഞ്ചായത്ത് വിഹിതം പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടവിഭാഗം കാസറഗോഡിന്റെ പേരിൽ "8843-00-108-PW Deposit" എന്ന ശീർഷകത്തിൽ ഒടുക്കണമെന്നും ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം തുക പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടവിഭാഗം കാസറഗോഡിന്റെ പേരിൽ നിക്ഷേപം നടത്തി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1. അംഗൻവാടി കെട്ടിടനിർമ്മാണത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സാമൂഹ്യനീതി ഡയറക്ടറിൽ നിന്ന് ലഭ്യമായത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. കെട്ടിടനിർമ്മാണത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവക്ക് ഭരണസമിതി അംഗീകാരം നൽകിയത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. തുക കൈമാറുന്നതിന് തയ്യാറാക്കിയ നടപടിക്രമം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ഈ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധമായ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പൂർത്തീകരിച്ചിട്ടില്ലെങ്കിൽ നിലവിലെ സ്ഥിതി ഓഡിറ്റിന് വിശദമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.29/13.11.2018 മേലെ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 15.11.2018 ൽ മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ല, കെട്ടിടനിർമ്മാണത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സാമൂഹ്യനീതി ഡയറക്ടറിൽ നിന്ന് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

പദ്ധതി പൂർത്തീകരിക്കാൻ പൊതുമരാമത്ത് കെട്ടിടവിഭാഗവുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവിരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 5,80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 തെരുവ് വിളക്ക് നീട്ടുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ

## തുക നിക്ഷേപിച്ചത് - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.117/18

മടിക്കൈ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്ക് ലൈൻ നീട്ടുന്നതിനുള്ള ഈ പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

1) ബിൽ നം.5/17-18/30.6.2017 – 15,06,500/-

മടിക്കൈ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്ക് ലൈൻ നീട്ടുന്നതിനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി മേൽ ബില്ല് പ്രകാരം ആകെ 15,06,500/- രൂപ അസി. എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് മാവുങ്കാൽ സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് കാഞ്ഞങ്ങാട് ഉള്ള അക്കൗണ്ട് നം.425531700058 ൽ നിക്ഷേപം നടത്തിയിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് മാവുങ്കാൽ സെക്ഷൻ സമർപ്പിച്ച കത്ത് നം.AB3/Cash&Bank/17-18/09/17Dt.Nil പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

2) ബിൽ നം.6/17-18/28.7.17 – 5,70,150/-

മടിക്കൈ ഗ്രാമപഞ്ചായത്തിലെ നാരാറോഡ് - എരിക്കളം റോഡ്, കാര്യളം റോഡ്, എരിക്കളം റോഡ്-ബങ്കളം റോഡ്, കൊളങ്ങാട് റോഡ്-കാഞ്ഞിരപ്പൊയിൽ റോഡ് എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്ക് ലൈൻ നീട്ടുന്നതിനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി മേൽ ബില്ല് പ്രകാരം ആകെ 5,70,150/- രൂപ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷന്റെ പേരിൽ എസ്.ബി.ഐ നീലേശ്വരത്ത് ഉള്ള അക്കൗണ്ട് നം.67063536393 ൽ നിക്ഷേപം നടത്തിയിട്ടുണ്ട്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ സമർപ്പിച്ച AS No.25,26,27,28/17-18/Dt.24.7.2017 പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

3) ബിൽ നം.8/17-18/22.8.17 – 1,99,000/-

മടിക്കൈ ഗ്രാമപഞ്ചായത്തിലെ വാർഡ് -1 കോട്ടപ്പാറ-വാഴക്കോട് പ്രദേശത്ത് തെരുവ് വിളക്ക് ലൈൻ നീട്ടുന്നതിനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി മേൽ ബില്ല് പ്രകാരം ആകെ 1,99,000/- രൂപ അസി. എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് മാവുങ്കാൽ സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് കാഞ്ഞങ്ങാട് ഉള്ള അക്കൗണ്ട് നം.425531700058 ൽ നിക്ഷേപം നടത്തിയിട്ടുണ്ട്. അസി. എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് മാവുങ്കാൽ സെക്ഷൻ സമർപ്പിച്ച കത്ത് നം.DBI/Genaral/ Demand notice/17-18, Dt.8.8.2017 പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

4) ബിൽ നം.9/17-18/22.8.17 – 7,98,910/-

മടിക്കൈ ഗ്രാമപഞ്ചായത്തിലെ കൂലോം റോഡ് - പുളിക്കാൽ വരെയുള്ള പ്രദേശത്ത് തെരുവ് വിളക്ക് ലൈൻ നീട്ടുന്നതിനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി മേൽ ബില്ല് പ്രകാരം ആകെ 7,98,910/- രൂപ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷന്റെ പേരിൽ എസ്.ബി.ഐ നീലേശ്വരത്ത് ഉള്ള അക്കൗണ്ട് നം.67063536393 ൽ നിക്ഷേപം നടത്തിയിട്ടുണ്ട്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ സമർപ്പിച്ച ഉത്തരവ് നം.DB/WE/46, 47/17-18, dt.16.8.17 പ്രകാരമാണ് തുക നിക്ഷേപം നടത്തിയത്.

ഈ പദ്ധതിക്കായി മേൽവിവരിച്ച നാല് ബില്ലുകൾ പ്രകാരം ആകെ 30,74,560/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1. ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ച എസ്റ്റിമേറ്റ് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. തുക നിക്ഷേപിക്കുന്നതിന് തയ്യാറാക്കിയ നടപടിക്രമം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. പ്രവൃത്തി പൂർത്തീകരിച്ച വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.29/13.11.2018 മേലെ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 15.11.2018 ൽ മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്ന മാത്രമാണ് മറുപടി നൽകിയിട്ടുള്ളത്.

പദ്ധതി പൂർത്തീകരിക്കാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 30,74,560/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 മലപ്പച്ചേരി, നാന്തംകുഴി, കാഞ്ഞിരപ്പൊയിൽ, കുണ്ടംകുട്ടിച്ചാൽ എന്നീ അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണം - തുക നിക്ഷേപിച്ചത് - പൂർത്തികരിച്ചിട്ടില്ല.

പ്രൊജക്ട് നം.192/18

ബിൽ നം.34/17-18/26.3.18 – 2,00,000/-

മടിക്കൈ ഗ്രാമപഞ്ചായത്തിലെ മലപ്പച്ചേരി, നാന്തംകുഴി, കാഞ്ഞിരപ്പൊയിൽ, കുണ്ടംകുട്ടിച്ചാൽ എന്നീ അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണം നടത്തുന്നതിനാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടവിഭാഗം കാസറഗോഡിന്റെ പേരിൽ “8843-00-108-PW Deposit” എന്ന ശീർഷകത്തിൽ ആകെ 2,00,000/- രൂപ നിക്ഷേപം നടത്തി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1. കെട്ടിടനവീകരണത്തിന്റെ എസ്റ്റിമേറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. കെട്ടിടനവീകരണത്തിന്റെ എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. തുക കൈമാറുന്നതിന് തയ്യാറാക്കിയ നടപടിക്രമം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ഈ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധമായ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പൂർത്തീകരിച്ചിട്ടില്ലെങ്കിൽ നിലവിലെ സ്ഥിതി ഓഡിറ്റിന് വിശദമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.31/13.11.2018 മേലെ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 15.11.2018 ൽ മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്ന മാത്രമാണ് മറുപടി നൽകിയിട്ടുള്ളത്.

പദ്ധതി പൂർത്തീകരിക്കാൻ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടവിഭാഗവുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 തുല്യതാ പഠനം- ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നം. | 151/2017-18, തുടർ സാക്ഷരതാ തുല്യതാ പരീക്ഷാ സഹായങ്ങൾ |

| | |
|---|---|
| ബിൽ നം.02/17-18. | 02/17-18. തീയ്യതി 28-09-2017, 25,350/- (വികസന ഫണ്ട് ,ജനറൽ) |
| ബിൽ നം. | 04/17-18. തീയ്യതി 28-02-2018, 35,000/- (വികസന ഫണ്ട് ,ജനറൽ) |
| ബിൽ നം. | 05/17-18. തീയ്യതി 28-02-2018, 39,000/- (വികസന ഫണ്ട് ,ജനറൽ) |
| ആകെ | 99,350 |

